

# സി.പി.അബൂബക്കർ മൗലവി നിര്യാതനായി

ഫാറൂഖ്കോളജ്: ഫറോക്ക് റൗസത്തുൽ ഉലൂം അറബിക് കോളജ് മുൻ പ്രിൻസിപ്പാളും പ്രസിദ്ധ ഇസ്ലാം മത പണ്ഡിതനും അറബിക്കവിയുമായ സി.പി. അബൂബക്കർമൗലവി (78) ഇന്നലെ നിര്യാതനായി. ബശീറുദ്ദീൻ (പുതിയങ്ങാടി), ജാബിർ (ഫാറൂഖ് ട്രൈനിംഗ് കോളജ്), ഷുക്കൂർ (താഇഫ്), മൻസൂർ (താഇഫ്), സാഹിറാ റഹ്മാൻ, മുഹാജിൻെറ ഭാര്യ ബുഷ്റ, നാസറിൻെറ ഭാര്യ നജ്മാ, ഹനീഫിൻെറ ഭാര്യ മുംതാസ് (അബുദാബി ഇസ്ലാഹി സെൻറർ അദ്ധ്യാപിക) എന്നിവർ മക്കളാണ്. വൈകിട്ട് ഫാറൂഖ് കോളജ് ഖബർസ്ഥാനിൽ ഖബറടക്കി.

1918 ജൂൺ 3 നു തൃശൂർ ജില്ലയിലെ മുതുവട്ടൂരിലാണ് മൗലവിയുടെ ജനനം. പിതാവ് പി.കെ. കുഞ്ഞാമു, മാതാവ് ചന്ദനപ്പറമ്പിൽ ഖദീജക്കുട്ടി; പല പള്ളി ദർസുകളിൽ അദ്ധ്യയനം നടത്തിയ ശേഷം മഞ്ചേരി റൗസത്തുൽ ഉലൂം അറബിക്കോളജ് ആരംഭിച്ചപ്പോൾ ആദ്യത്തെ വിദ്യാർത്ഥിയായി ചേർന്നു. 1944 ൽ മദ്രാസ് യൂനിവേഴ്സിറ്റിയുടെ അഫ്സലുൽ ഉലമാ പാസ്സായി. തുടർന്ന് ഇതേ സ്ഥാപനത്തിൽ തന്നെ അദ്ധ്യാപകനായി. 1971 ലാണ് പ്രിൻസിപ്പാളായി സ്ഥാനമേറ്റത്.

ഉജ്ജ്വല വാഗ്മിയായിരുന്ന സി.പി. ഫാറൂഖ്കോളജ് പള്ളി, കോഴിക്കോട് പാളയംപള്ളി തുടങ്ങിയവയിൽ ഖതീബായും സേവനം ചെയ്തിട്ടുണ്ട്.

അറബി സാഹിത്യകാരനായ അദ്ദേഹം പല അറബി ആനുകാലികങ്ങളിലും ലേഖനങ്ങളെഴുതിയിട്ടുണ്ട്. അനുഗൃഹീത കവിയായിരുന്നു. സി.എച്ച്. മുഹമ്മദ്കോയയുടെ മരണശേഷം ഇദ്ദേഹം അറബിയിൽ രചിച്ച വിലാപ കാവ്യം ശ്രദ്ധേയമായിരുന്നു. സി.എച്ച്. തൻെറ പ്രസ്ഥാനത്തിലൂടെ ഉയർത്തെഴുന്നേൽക്കുമെന്ന് അദ്ദേഹം പ്രവചിച്ചിരുന്നു.

അന്ത്യോപചാരച്ചടങ്ങിൽ പ്രൊഫ. കെ.എ. ജലീൽ, പ്രൊഫ: ടി. അബ്ദുല്ല, പ്രൊഫ. വി.മുഹമ്മദ്, പ്രൊ. മങ്കട ടി. അബ്ദുൽഅസീസ്, പ്രൊഫ. യു. മുഹമ്മദ്, കെ.സി.ഹസൻകുട്ടി, മാനുഹാജി, ഒ.അബ്ദുറഹിമാൻ, എൻ.വി. ഇബ്രാഹിം, മുന്നൂര് മുഹമ്മദ്മൗലവി, പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി, പി.കെ. അഹമ്മദ്, അഡ്വ. പി.എം. മുഹമ്മദ്കുട്ടി, അഡ്വ. എം. മുഹമ്മദ് തുടങ്ങിയവർ സംബന്ധിച്ചു.